# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7211 — 11.07.2014 ൽ മറുപടിക്ക്

**സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്കുള്ള കുടിശ്ശികത്തുക**

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത എത്ര കരാറുകാർക്ക് കുടിശ്ശികത്തുക കൊടുത്തുതീർക്കുവാനുണ്ടെന്നു വ്യക്തമാക്കുമോ ; | (എ) & (ബി) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് ബില്ലുകൾ ഹെഡ്ഡാഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക വിട്ടുനൽകുകയാണ് ചെയ്യുന്നത്. ഓരോ മാസവും 9000 ത്തോളം ബില്ലുകളാണ് പർച്ചേസ് , ടി&ബി.പി, എഫ്.എം.സി.ജി എന്നീ സെക്ഷനിൽ ലഭിക്കുന്നത്. ഇവ അതാത് സെക്ഷനിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രീഓഡിറ്റിനയയ്ക്കുകയും അവിടുന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പണം നൽകുന്നതിനായി ഫൈനാൻസ് സെക്ഷനിലേയ്ക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത് ഫൈനാൻസ് സെക്ഷനിൽ നിന്നുമുള്ള നടപടികൾ പൂർത്തിയാക്കി കരാറുകാരുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ RTGS വഴി തുക അയയ്ക്കുകയാണ് ചെയ്യുന്നത്. ഇത്രയും ബില്ലുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടകാറുള്ളു. ഈയിനത്തിൽ കുടിശ്ശിക തുകയായി യാതൊന്നും തന്നെ നൽകുവാനില്ല. |
| (ബി) | ഏതെല്ലാം കരാറുകാർക്ക് ഏതെല്ലാം വർഷത്തെ എന്തു തുക വീതം കൊടുത്തുതീർക്കുവാനുണ്ടെന്നു വ്യക്തമാക്കുമോ; | | |
| (സി) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് പണം കൊടുത്തുതീർക്കാത്തതിനു കാരണമെന്തെന്നും, മാനദണ്ഡങ്ങൾ പ്രകാരവും കരാർ പ്രകാരവും സാധനങ്ങൾ വിതരണം ചെയ്തവർക്ക് പണം എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ ? | (സി) | ബാധകമല്ല |

Beena

സെക്ഷൻ ഓഫീസർ